# മാർ ഗ്രീഗോറിയോസ് മൂവ്മെൻറ് : രജതജൂബിലി സമാപനം ഏപ്രിൽ 30ന്

കുവൈറ്റ് : സെൻറ് ഗ്രീഗോറിയോസ് ഇന്ത്യൻ ഓർത്തഡോക്സ് മഹാ ഇടവകയിലെ ആത്മീയ പ്രസ്ഥാനമായ മാർ ഗ്രീഗോറിയോസ് മൂവ്മെൻറിൻെറ രജതജൂബിലി ആഘോഷങ്ങളുടെ സമാപനം ഏപ്രിൽ 30–ന് വൈകുന്നേരം 6 മണിക്ക് മൈദാൻ ഹവലി അമേരിക്കൻ ഇൻറർ നാഷണൽ സ്ക്കൂൾ ഓഡിറ്റോറിയത്തിൽ വെച്ച് നടത്തപ്പെടുന്നു. യു.കെ-യുറോപ്പ്-ആഫ്രിക്കൻ ഭദ്രാസനാധിപൻ അഭിവന്ദ്യ ഡോ. മാത്യൂസ് മാർ തിമോത്തിയോസ് മെത്രാപ്പോലീത്താ, കുവൈറ്റിലെ ഇന്ത്യൻ അംബാസിഡർ അജയ് മൽഹോത്ര, കാർമ്മൽ ദയറാ അസിസ്റ്റൻറ് മാനേജർ ഫാ. പി.എം. ജോൺ എന്നിവർ മുഖ്യാതിഥികളായിരിക്കും.

സമാപനസമ്മേളനത്തിൻെറ ഭാഗമായി സംഘടനാംഗമായ ബേബിച്ചൻ രചനയും സംവിധാനവും നിർവ്വഹിച്ച "നീതിമാൻെറ സിംഹാസനം" എന്ന നൃത്ത-സംഗീത-ശിൽപ്പം അരങ്ങേറും. നാടകത്തിനു മികവുറ്റ സങ്കേതികസഹായം നൽകുന്നതിനായി കേരളത്തിലെ പ്രശസ്ത നാടക പ്രവർത്തകരായ ആർട്ടിസ്റ്റ് സുജാതൻ, മോഹനൻ എന്നിവർ കുവൈറ്റിൽ എത്തിച്ചേർന്നു.

മലങ്കര ഓർത്തഡോക്സ് സഭയിലെ പ്രഥമ പരിശുദ്ധനായ പരുമല തിരുമേനിയുടെ നാമധേയത്തിൽ സ്ഥാപിതമായ മാർ ഗ്രീഗോറിയോസ് മൂവ്മെൻറ്, കഴിഞ്ഞ 25 വർഷങ്ങളായി കേരളത്തിലും, കേരളത്തിനു പുറത്തും ദുരിതമനുഭവിക്കുന്നവർക്കായി ചികിത്സ, വിദ്യാഭ്യാസം, വിവാഹം, ഭവനനിർമ്മാണം തുടങ്ങി ഒട്ടേറെ ജീവകാരുണ്യ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി വരുന്നു.

രജതജൂബിലി ആഘോഷങ്ങളുടെ ഭാഗമായി ഏറ്റെടുത്തിരിക്കുന്ന പദ്ധതികളായ സ്ലീബാദാസ സമൂഹത്തിൽ സാമ്പത്തിക ബുദ്ധിമുട്ടനുഭവിക്കുന്ന ഭവനരഹിതർക്കുള്ള 25 ഭവനങ്ങളുടെയും, പരിശുദ്ധ വട്ടശ്ശേരിൽ മാർ ദിവന്ന്യാസിയോസ് തിരുമേനിയുടെ ചരമ പ്ലാറ്റിനം ജൂബിലിയോടനുബന്ധിച്ച് സഭയിലെ നിർധനരായ ഭവനരഹിതർക്കുള്ള ഭവനങ്ങളുടെയും നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നതായി ഭാരവാഹികൾ അറിയിക്കുകയുണ്ടായി.

------***------